بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

ഖുത്വ്ബ നമ്പർ
**10**
07-03-2014

# ജുമുഅ ഖുത്വ്ബ

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

### ഖലീഫത്തുൽ മസീഹ് അൽഖാമിസ് ایدہ اللہ تعالیٰ بنصرہ العزیز

വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ



Baitul Futuh, London

# 2014 ൽ ലണ്ടനിൽ നടന്ന ലോക മത സമ്മേളനം

ഏകദേശം മൂന്നാഴ്ച്ച മുമ്പ് അഹ്മദിയ്യാ ജമാഅത്ത് യു.കെ ബ്രിട്ടനിൽ ജമാഅത്തിന്റെ ശതവാർഷികാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിരുന്ന പരിപാടിയിൽ വിവിധ മത പണ്ഡിതന്മാരെയും പ്രതിനിധികളെയും ക്ഷണിച്ചിരുന്നു. അവർ തങ്ങളുടെ പവിത്ര ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ ദൈവത്തെ കുറിച്ചും മതപാഠങ്ങളെകുറിച്ചും ഈ 21ാം നൂറ്റാണ്ടിൽ ദൈവത്തിന്റെ പങ്കിനെക്കുറിച്ചും അവന്റെ ആവശ്യകതയെക്കുറിച്ചും അവരുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുക എന്നതായിരുന്നു അതിന്റെ ഉദ്ദേശ്യം. ഇതിൽ ഇസ്‌ലാമിന്റെ പ്രാതിനിധ്യം ഉണ്ടാകേണ്ടതായിരുന്നു. അത് ജമാഅത്ത് നിർവ്വഹിക്കേണ്ടതുമായിരുന്നു. അതിൽ ഞാൻ പങ്കെടുത്തു. ഇതു കൂടാതെ ജൂത, ക്രൈസ്തവ, ബുദ്ധ, ഹിന്ദു, സൊരാഷ്ട്ര, സിഖ് മത വിഭാഗത്തിലുള്ളവരും പങ്കെടുക്കുകയും തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു. ബഹായികളും അവിടെ സന്നിഹിതരായിരുന്നു. ഇവരെ കൂടാതെ ചില രാഷ്ട്രീയ നേതാക്കൾക്കും ഹ്യൂമൺ റൈറ്റ്സിന്റെ പ്രവർത്തകർക്കും അവരുടെ കാഴ്ചപ്പാട് വിവരിക്കുവാനുള്ള അവസരം നൽകുകയുണ്ടായി.

ഈ പരിപാടി ഇവിടത്തെ ഏറ്റവും പഴക്കം ചെന്ന പാരമ്പര്യ ഹാളായ ഗിൽഡ് ഹാളിൽ വെച്ചാണ് നടന്നത്. ഈ കെട്ടിടം 1439 ലോ അതിനു മുമ്പോ നിർമിക്കപ്പെട്ടതാണെന്നാണ് പറയപ്പെടുന്നത്. ലണ്ടനിലെ ഏറ്റവും പൗരാണികമായ രണ്ട് കെട്ടിടങ്ങളിൽ ഒന്നാണിതെന്നും പറയപ്പെടുന്നുണ്ട്. ചുരുക്കത്തിൽ ഇതിന് ഒരു ചരിത്ര പ്രാധാന്യമുണ്ട്. എം.ടി.എ.യിൽ ഈ പ്രോഗ്രാം കാണിച്ചിട്ടുള്ളതാണ്. പലരും കണ്ടിട്ടുണ്ടാകും. എന്നാൽ ഇതിന്റെ ചരിത്രപരമായ പ്രാധാന്യത്തെ കുറിച്ച് അൽ ഫള്ൽ പത്രത്തിൽ ഇതിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുമ്പോൾ ഉൾപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ ചരിത്രം വിവരിക്കലല്ല എന്റെ ഇപ്പോഴത്തെ ഉദ്ദേശ്യം. യഥാർത്ഥത്തിൽ അവിടെ നടന്ന പരിപാടിയെ കുറിച്ച് അല്പം ചില കാര്യങ്ങൾ പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

ഞാൻ പറഞ്ഞതു പോലെ ഈ പ്രോഗ്രാം എം.ടി.എ.യിൽ കാണിക്കപ്പെട്ടതാണ്. ഉറുദുവിൽ എന്റെ പ്രസംഗത്തിന്റെ പരിഭാഷ വന്നിട്ടുണ്ടാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പാകിസ്ഥാനിൽ നിന്നും എന്നോട് ആവശ്യപ്പെട്ടിരിക്കുന്നത് ഈ വലിയ പരിപാടിയെ കുറിച്ചുള്ള വിശദ വിവരമോ ഏകദേശം അതിന്റെ ചുരുങ്ങിയ വിവരണമോ ഖുത്ബയിൽ വിവരിച്ചാൽ നല്ലതായിരിക്കും എന്നാണ്. രാജ്യങ്ങളുടെ സന്ദർശനത്തിന് ശേഷം അതിനെ കുറിച്ച് പറയുന്നതുപോലെ ഇതും പറഞ്ഞാൽ നന്നായിരിക്കുമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. കേൾവിക്കാർക്ക് ഇത് ശരിക്കും മനസ്സിലാക്കാനും ഇതിന്റെ പ്രാധാന്യം ബോധ്യപ്പെടാനും കാരണമാകുന്നതായിരിക്കും. അങ്ങനെ അവർക്ക് ഫലമെടുക്കാനും സാധിക്കും. ചില പ്രോഗ്രാമുകൾ എം.ടി.എ.യിൽ ചിലർ നോക്കാറില്ല. ഇവിടെയും ഒരു കത്തിൽ നിന്ന് ഇന്നലെ എനിക്ക് മനസ്സിലായത് 'ഇന്ന് പത്രത്തിൽ ഇങ്ങനെ ഒരു പരിപാടി നടന്നതായി അറിഞ്ഞു' എന്നാണെഴുതിയത്. യഥാർഥത്തിൽ ഇത് നേരത്തെ എം.ടി.എ.യിൽ വന്നിട്ടുള്ളതാണ്. ഖുത്ബകളാണ് കൂടുതൽ പേരും കേൾക്കുന്നത്. അതിനാൽ ചുരുങ്ങിയ രീതിയിൽ ഇതിനെ കുറിച്ച് പരാമർശിക്കുന്നതാണ്. ഇത് ഇനി എം.ടി.എ.യിൽ വരുമ്പോൾ അഹ്മദികൾ ഇത് കാണേണ്ടതു തന്നെയാണ്. വളരെ സാരസമൃദ്ധമായ ഒരു പരിപാടിയായിരുന്നു.

ഇപ്പോൾ ഞാൻ പ്രസംഗകരുടെ പ്രസംഗങ്ങളിൽ നിന്നുള്ള ചില വരികൾ കേൾപ്പിക്കുന്നതാണ്. എന്റെ പ്രസംഗത്തിന്റെ ചുരുക്കവും കേൾപ്പിക്കുന്നതായിരിക്കും. ഇതു കൂടാതെ അന്യരുടെ പ്രതികരണവും പറയുന്നതാണ്. ഇതിലൂടെ അല്ലാഹുവിന്റെ സഹായവും അവന്റെ ഫള്ലും നമ്മുടെ മുമ്പിൽ പ്രകടമാകുന്നതാണ്. തിരുനബി ﷺ യുടെ മഹത്വവും ഇസ്‌ലാമിന്റെ മഹത്വവും അദ്ദേഹത്തിന്റെ പ്രിയ പ്രേമി മുഖേന ലോകത്ത് പ്രകടമാകുന്നത് ലോകത്തിന് മനസ്സിലാകുന്നതാണ്. നമുക്കും മനസ്സിലാകുന്നതാണ്.

ഈ പരിപാടിയെ കുറിച്ച് പറയുന്നതിനു മുമ്പെ എനിക്കൊരു കാര്യം പറയാനുള്ളത് യു.കെ യിലെ സംഘാടകർ ഇത്രയും വലുതും പ്രാധാന്യമർഹിക്കുന്നതുമായ ഒരു പരിപാടി നടത്തിയപ്പോൾ ഇതിനുവേണ്ടി പ്രചാരണം നടത്തേണ്ടിയിരുന്ന രീതിയിൽ പ്രചരണം നടത്തിയില്ല എന്നാണ്. പരിപാടി നടത്തുന്നതിനു മുമ്പ് അവർ ഇതു ചെയ്യാതെ വലിയ പരിപാടി നടത്തുകയാണെന്നതിൽ മാത്രം സന്തോഷം കണ്ടെത്തുകയാണ് ചെയ്തത്. യാഥാർഥത്തിൽ ജമാഅത്തിനെ വിപുലമായ രീതിയിൽ പ്രചരിപ്പിക്കാനും ഇസ്‌ലാമിന്റെ മനോഹര അധ്യാപനത്തെ പ്രചരിപ്പിക്കാനുമുള്ള ഒരു അസുലഭ സന്ദർഭമായിരുന്നു ഇത്. പ്രസ്സുമായി ശരിയായ രീതിയിൽ ബന്ധപ്പെട്ടിരുന്നെങ്കിൽ, ഇപ്പോൾ അമീർ സാഹിബും അദ്ദേഹത്തിന്റെ ടീമും വാർത്തകൾ നൽകുന്നതിനായി പരിശ്രമിക്കുന്നത് പോലെ അന്ന് ബന്ധപ്പെട്ടിരുന്നെങ്കിൽ ഇതിനെക്കാളും നല്ല രീതിയിൽ ഫലം ചെയ്യുമായിരുന്നു. ഇക്കാലത്ത് സന്ദേശം എത്തിക്കാനുള്ള ഒരു നല്ല മാർഗമാണ് പ്രസ്സ്. പ്രസ്സുമായി ബന്ധപ്പെട്ടുകൊണ്ട് ലോകത്തുള്ള ജമാഅത്തുകൾ പ്രവർത്തിക്കേണ്ടിയിരുന്ന രീതിയിലുള്ള പ്രവർത്തനം നടക്കുന്നില്ല. അമേരിക്കയിൽ ഇക്കാര്യത്തിൽ പ്രവർത്തനം കുറച്ചു കാലമായി മെച്ചപ്പെട്ടു വരുന്നുണ്ട്. അല്ലാഹുവിന്റെ

അനുഗ്രഹത്താൽ നല്ല പ്രവർത്തിയാണ് നടന്നുവരുന്നത്. ആഫ്രിക്കയിൽ ഘാന, സറലിയോൺ എന്നീ സ്ഥലങ്ങളിൽ ഇതു സംബന്ധമായ നല്ല പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ആഫ്രിക്കയിലെ ഫ്രാങ്കോ ഫോൺ നാടുകളിൽ ഇതിലേക്ക് ശ്രദ്ധ തിരിഞ്ഞിട്ടുണ്ട്. ഏതായിരുന്നാലും എല്ലാ നിലയിലുള്ള മീഡിയകളുമായി നമുക്ക് ബന്ധം ഉണ്ടായിരി ക്കേണ്ടതാണ്. ഇതുമുഖേന അഹ്മദിയ്യാ ജമാഅത്തിനെ അറിയുന്നതോടൊപ്പം ഇസ്‌ലാമിന്റെ സുപ്രധാന സന്ദേശം ലോകത്തിന് അറിയാൻ കഴിയുന്നതാണ്. ഇതിലൂടെ തബ്‌ലീഗ് പ്രവർത്തനം ത്വരിതപ്പെടുത്താൻ സാധിക്കുന്ന താണ്. തബ്‌ലീഗിനുള്ള ഒരു നല്ല മാർഗമാണ് ഇത്.

ഇവിടെ നടന്ന യോഗ നടപടിയെ കുറിച്ച് ഇനി പറയുന്നതാണ്. ചില പ്രഭാഷകർ വളരെ നല്ല കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. *അവർ പറഞ്ഞ കാര്യങ്ങൾ അവരുടെ ഹൃദയത്തിന്റെ ശബ്ദമായി അല്ലാഹു മാറ്റട്ടെ. അതനുസരിച്ച് പ്രവർത്തിക്കാനും അവർക്ക് സാധിക്കട്ടെ.* ആദ്യം പ്രസംഗിച്ച ഇവിടെയുള്ള ഒരു ഹിന്ദു കൗൺസിലിന്റെ ചെയർമാനായ ഉമേശ് ചന്ദ്രശർമ സഹിബ് പറയുന്നു: 'ഇന്നത്തെ വിഷയം വളരെ ആകർഷണീയമാണ്. ഇതിൽ നിന്നും മനസ്സിലാകു ന്നത് ഈ പ്രപഞ്ചത്തിൽ ദൈവത്തിന്റെ അസ്തിത്വം ഉണ്ട് എന്നത് നാം എല്ലാവരും അംഗീകരിക്കുന്നു എന്നതാണ്. വളരെ പ്രകടമായ രണ്ടാമത്തെകാര്യം, രാഷ്ട്രീയ നേതാക്ക ളും മറ്റു സംവിധാനങ്ങളും ലോകത്ത് സമാധാനം സ്ഥാപി ക്കുന്നതിൽ പരാചയപ്പെട്ടിരിക്കുകയാണ്. പൊതുജന ങ്ങൾക്ക് രാഷ്ട്രീയ നേതാക്കളിൽ വിശ്വാസം നഷ്ടപ്പെട്ടി രിക്കുകയാണ്. അതിനാൽ മാനവരാശിയുടെ ഉന്നമനത്തി നായി നാമെല്ലാവരും ഒന്നിച്ച് മതത്തിലേക്ക് ശ്രദ്ധിക്കേണ്ട സമയം വന്നിരിക്കുന്നു. നമുക്ക് നമ്മുടെ മത വിശ്വാസങ്ങളെ ജീവിതത്തിൽ പകർത്തേണ്ടിയിരിക്കുന്നു. ഏറ്റവും സുപ്രധാനമായ കാര്യം, നാം നമ്മുടെ ആളുകളെ ഉപദേശി ക്കുക മാത്രമല്ല ചെയ്യേണ്ടത്. നമ്മുടെ മാതൃകയും സമർപി ക്കുന്നവരായി മാറണം.' ഇത് തന്നെയാണ് യാഥാർഥ്യം.'' ഈ പ്രഭാഷകനേയും താൻ പറഞ്ഞതനുസരിച്ച് പ്രവർത്തി ക്കുന്നവനാക്കി അല്ലാഹു മാറ്റട്ടെ.

ദലാഇലാമയുടെ സന്ദേശം ലണ്ടനിലെ ബുദ്ധമതത്തിന്റെ നേതാവ് അദ്ദേഹത്തിന്റെ പ്രാധിനിത്യം വഹിച്ചുകൊണ്ട് വായിച്ചു കേൾപ്പിക്കുകയുണ്ടായി. അവർ പറയുന്നു; 'മതങ്ങ ളെല്ലാം തന്നെ തന്റെ അനുയായികളോട് പരസ്പര സ്നേഹ ത്തെ കുറിച്ചും സഹിഷ്ണുതയെ കുറിച്ചുമാണ് പറഞ്ഞു കൊടുക്കുന്നത്. മറ്റുള്ളവരുടെ ആദർശവും നമ്മുടെ ആദർശവും വ്യത്യസ്ഥമാണെങ്കിൽ തന്നെയും അവരെ നാം ആദരിക്കേണ്ടതാണ്. ഓരോ സത്യമതവും അവരവരുടെ കാലത്ത് മാനുഷിക മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുകയാണ് ചെയ്തിട്ടുള്ളത്. ഭാവികാലത്തും ഈ മൂല്യങ്ങളാണ് ലോകത്ത് ശാന്തിയും സമാധാനവും സാഹോദര്യവും സൃഷ്ടിക്കാനും പരസ്പരം സഹകരിച്ച് ജീവിക്കാനും വഴികാട്ടുക. ഹൃദയാത്മനാ നാമെല്ലാവരും നിത്യജീവിത ത്തിലും നമ്മുടെ മതങ്ങൾ നമ്മോട് പറയുന്ന ധാർമിക മൂല്യങ്ങൾ സ്വായത്തമാക്കേണ്ടിയിരിക്കുന്നു.' ഏതായാലും അവർ ഈ പറഞ്ഞതെല്ലാം തികച്ചും ശരിയാണ്.

പറയുന്നു; മതത്തിന്റെ പേരിൽ കുഴപ്പങ്ങൾ ഉണ്ടാകുന്നത് ജനങ്ങൾ മതത്തിന്റെ ശരിയായ ഉദ്ദേശ്യലക്ഷ്യങ്ങൾ ഉൾകൊള്ളാതിരിക്കുമ്പോഴാണ്. ആഗോള മതങ്ങളെ ഒരുമിച്ച് നിർത്തുന്ന തരത്തിലുള്ള പരിപാടികൾ ആസൂത്ര ണം ചെയ്യേണ്ടതാണെന്ന് കുറേ കാലമായി ഞാൻ ചിന്തിക്കു ന്നു. അങ്ങനെ പരസ്പരം തിരിച്ചറിഞ്ഞ് ഒന്നായി പ്രവർത്തി ക്കാൻ സാധിക്കുന്നതാണ്. ലോകത്ത് സമാധാനം സ്ഥാപി ക്കാനും കഴിയുന്നതാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ബ്രിട്ടനിൽ ഫെബ്രുവരി 11 ന് ആഗോള മതമഹാ സമ്മേളനം സംഘടിപ്പിക്കാൻ എടുത്ത അവരുടെ ധീരമായ ഈ തീരുമാ നത്തെ അഭിനന്ദിക്കുന്നു. ഇങ്ങനെയുള്ള സമ്മേളനങ്ങൾ വളരെ സുദീർഘമായ ഫലങ്ങൾ ഉണ്ടാക്കുന്നതാണ് എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു.' കൂടുതൽ പ്രഭാഷകരും ഈ കാലം ആവശ്യപ്പെടുന്ന കാര്യങ്ങളാണ് വിവരിച്ചിട്ടുള്ളത്.

ദുരൂസി കമ്മ്യൂണിറ്റിയുടെ ആത്മീയ നേതാവ് ശൈഖ് മുവ ഫ്ഫിക്ക് സാഹിബ് പറയുന്നു; 'ഞങ്ങളുടെ സമൂഹം എന്നത് ഞങ്ങൾ വസിക്കുന്ന വിശുദ്ധ ദേശവുമായി എല്ലാ മതങ്ങൾ ക്കും ശക്തമായ ബന്ധം നിലനിൽക്കുന്നു. (ഫലസ്തീനും മറ്റുള്ള നാടുകളുമാണ് ഉദ്ദേശിക്കുന്നത്. ശ്യാം ഉൾപ്പെടും) അർളെ മുഖദ്ദസ് എന്ന സ്ഥലത്താണ് പല മതങ്ങളും ജന്മം കൊണ്ടതും പല പ്രവാചകന്മാരുടെയും ആരംഭം കുറിച്ചതും.' അദ്ദേഹം പറയുന്നു: 'വിശുദ്ധ ഖുർആനിൽ അല്ലാഹു പറയു ന്നു: നാം നിങ്ങളെ പുരുഷനിൽ നിന്നും സ്ത്രീയിൽ നിന്നു മാണ് സൃഷ്ടിച്ചത്. നിങ്ങൾ തിരിച്ചറിയുന്നതിനു വേണ്ടി വർഗങ്ങളും ഗോത്രങ്ങളുമായി തിരിച്ചിരിക്കുന്നു. അല്ലാഹു വിന്റെ പക്കൽ ഏറ്റവും ഉത്തമരായിട്ടുള്ളത് ഏറ്റവും കൂടുതൽ ഭക്തി കൈകൊള്ളുന്നവരാണ്. അല്ലാഹു സർവ്വജ്ഞനും സൂക്ഷജ്ഞനുമാണ്. സൂറാ ഹുജ്റാത്തിലെ 14ാം വചനം അദ്ദേഹം പാരായണം ചെയ്യുകയുണ്ടായി. പറയുന്നു; ''എന്നെ ഈ സമ്മേളനത്തിലേക്ക് ക്ഷണിച്ചതിന് അഹ്മദിയ്യാ ജമാഅത്തിനും ഇമാമിനും സംഘാടകർക്കും ഞാൻ നന്ദി അറിയിക്കുന്നു. ബ്രിട്ടനിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായതിന്റെ ശതവാർഷികത്തോടനുബ ന്ധിച്ച് നടത്തപ്പെടുന്ന ഈ മഹാസമ്മേളനത്തിന് ആശംസക ളർപിക്കുന്നു. ദുരൂസ് കമ്മ്യൂണിറ്റിയും അഹ്മദിയ്യാ ജമാഅത്തും അർളെ മുഖദ്ദസിൽ വളരെ സൗഹൃദ ബന്ധത്തി ലാണുള്ളത്. ഞങ്ങളെ ക്ഷണിച്ചതിൽ സന്തോഷമുണ്ട്. വരിക! നമുക്കെല്ലാം ഒരുമിച്ച് ചേർന്ന് അക്രമത്തെയും മർദ്ദന ത്തെയും ഇല്ലാതാക്കാം. സ്നേഹത്തിന്റെ വിത്ത് നമുക്ക് പാകാം. അതിൽ നിന്ന് മശ്‌രിഖിൽ മാത്രമല്ല ലോകത്ത് മുഴുവനും സ്നേഹത്തിന്റെ നീരുറവകൾ ബഹിർഗമിക്കട്ടെ.

കത്തോലിക് ചർച്ചിന്റെ പ്രാധിനിധ്യം വഹിച്ചുകൊണ്ട് ആർച്ച് ബിഷപ് കേമൺ മിക്ഡോണൽ പറഞ്ഞു: ''മത മഹാ സമ്മേളനത്തിൽ പങ്കെടുത്ത് എന്റെ കാര്യങ്ങൾ അവതരിപ്പി ക്കാൻ സാധിക്കുന്നതിൽ വലിയ സന്തോഷമുണ്ട്. ഇപ്പോൾ ലോകത്തിന് ഇങ്ങനെയുള്ള സമ്മേളനങ്ങളുടെ ആവശ്യ മാണുള്ളത്. ഇതിനു ശേഷം അദ്ദേഹം പോപ്പിന്റെ കാബിന റ്റിലെ പ്രസിഡന്റും കൗൺസിൽ ഫോർ ജസ്റ്റീസ് ഏന്റ് പീസു മായ കാർഡിനൽ പീറ്റർ ട്രക്ക്സൺന്റെ സന്ദേശം വായിച്ചു കേൾപിച്ചു. അഹ്മദിയ്യാ ജമാഅത്ത് ബ്രിട്ടനിൽ സ്ഥാപിത മായതിന്റെ ശതവാർഷികത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന ലോക മത മഹാസമ്മേളനത്തിൽ നിങ്ങളെ അഭിമുഖീകരിക്കു ന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ സദസ്സിന്റെ പ്രത്യേകത ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ

നിന്നും വിവിധ മതസ്ഥർ ഇവിടെ ഒരിമിച്ചുകൂടിക്കൊണ്ട് ലോകത്ത് സമാധാനം സ്ഥാപിക്കാൻ എങ്ങനെ കഴിയുമെന്ന് ചർച ചെയ്യുന്നു എന്നതാണ്.

ഇസ്‌റാഈലിലെ ഒരു റബ്ബായി പറയുന്നു; ''നാം വസിക്കുന്ന സമൂഹത്തിൽ ഭൗതിക നേട്ടത്തെ വലിയ ഒരു കാര്യമായാണ് കണക്കുകൂട്ടുന്നത്. കുബേരനും കുചേലനും തമ്മിലുള്ള അന്തരം ഭീഷണമായ രീതിയിൽ വർധിച്ചുകൊണ്ടിരിക്കുകയാണ്. പുരോഗതിയുടെ പേരും പറഞ്ഞ് ഭൂമിയിലെ അനുഗ്രഹങ്ങളെ അമിതമായി നാം ദുർത്തടിച്ചുകൊണ്ടിരിക്കുകയാണ്. ശുദ്ധജലത്തെ മലിനമാക്കിക്കൊണ്ടിരിക്കുന്നു. വനങ്ങളെ നശിപ്പിച്ചു കൊണ്ടിരിക്കുന്നു. കടന്നു പോകുന്ന കാലഘട്ടത്തിൽ മതപരവും രാഷ്ട്രീയപരവുമായ വടം വലി നടന്നുകൊണ്ടിരിക്കുന്നു. കുഴപ്പം എല്ലായിടത്തും നടമാടിയിട്ടുണ്ട്. ദൈവത്തിന്റെ നാമത്തേയും അവൻ നൽകിയിരിക്കുന്ന അധ്യാപനത്തേയും ചവിട്ടി മതിച്ചുകൊണ്ടിരിക്കുന്നു. ഈ എല്ലാ കാര്യങ്ങളെയും നാം ന്യായീകരിക്കുന്നത് രാഷ്ട്രീയ സാഹചര്യം എന്നും നിർബന്ധിത സാഹചര്യം എന്നു പറഞ്ഞാണ്. വരൂ! നമുക്കെല്ലാം ഒന്നായിച്ചേർന്ന് ഇതിനെതിരിൽ പോരാടാം.'' *ഇവർ പറഞ്ഞ കാര്യങ്ങൾ ഇവരുടെ രാഷ്ട്രനേതാക്കൾക്കും മനസ്സിലാകട്ടെ. ഇവർക്ക് അവരോട് ഈ കാര്യങ്ങൾ പറയാൻ കഴിയുമാറാകട്ടെ.*

ചില രാഷ്ട്ര നേതാക്കളുടെ സന്ദേശവും പ്രസംഗവും ഉണ്ടായിരുന്നു. ഘാനയുടെ രാഷ്ട്രപതിയുടെ സന്ദേശം അദ്ദേഹത്തിന്റെ ഹൈകമ്മീഷ്ണർ കേൾപ്പിച്ചു. വന്നിരുന്ന അദ്ദേഹത്തിന്റെ പ്രതിനിധി എഴുതുന്നു. അല്ലാഹു തന്റെ പ്രിയ പ്രവാചകന്മാരെ ലോകത്തേക്ക് അയച്ചു. അവരെല്ലാവരും ലോകത്ത് ഉള്ള എല്ലാ ജനങ്ങൾക്കും വർഗവർണ ജാതി വ്യത്യാസമില്ലാതെ, മനുഷ്യൻ സമാധാനത്തിലും ശാന്തിയിലും സാഹോദര്യത്തിലും ജീവിതം നയിക്കേണ്ടതാണെന്ന സന്ദേശമാണ് നൽകിയത്. ഈ സമ്മേളനം നമ്മെ ഓർമ്മപ്പെടുത്തുന്നതിതാണ്. ഘാനയിൽ പീസ് കൗൺസിലിന്റെ സ്ഥാപനത്തെ കുറിച്ചും അവിടെ മതങ്ങൾ തമ്മിൽ സഹിഷ്ണതയോടെ വർത്തിക്കുന്നു എന്നും അതിൽ എല്ലാവരും അംഗങ്ങളാണെന്നും പറയുകയുണ്ടായി.

ഇവിടെത്തെ ബെറോണിസ് സഈദ വാട്ട്സി വന്നിരുന്നു. ഈ ചരിത്ര പ്രാധാന്യമുള്ള ഹാളിൽ സമ്മേളിച്ചിരിക്കുന്ന മഹത് വ്യക്തിത്വങ്ങളുടെ മുമ്പാകെ എന്റെ അഭിപ്രായം പ്രകടിപ്പിക്കാൻ അവസരം ലഭിച്ചത് എനിക്ക് ലഭിച്ച വലിയ ആദരവായി കാണുന്നു. ഈ സമ്മേളനം അഹ്മദിയ്യാ ജമാഅത്തിന്റെ വിശാല മനസ്കതയുടെയും കാഴ്ചപ്പാടിന്റെയും ചിന്താഗതിയുടെയും ബഹീർ പ്രകടനമാണ്. നിങ്ങൾ ഒരു ആഗോള സമ്മേളനമാണ് ഇവിടെ സംഘടിപ്പിച്ചിട്ടുള്ളത്. ഇവിടെ നിങ്ങളുടെ ജമാഅത്തിന്റെ അഭിപ്രായം കേൾപിക്കുന്നതിന് പകരം എല്ലാ മതാനുയായികൾക്കും അവരവരുടെ കാര്യങ്ങൾ കേൾപിക്കാനുള്ള അവസരം നൽകിയിരിക്കുകയാണ്. നമുക്ക് ബ്രിട്ടനിൽ മുഴുവനും മനുഷ്യത്വത്തിന്റെ പേരിൽ അഹ്മദിയ്യാ ജമാഅത്ത് ചെയ്ത ആദുര സേവനങ്ങളുടെ സ്വാധീനം കാണാവുന്നതാണ്. ഈ സമ്മേളനത്തിന്റെ വിജയപ്രദമായ നടത്തിപ്പിൽ നിന്നും മനസ്സിലാകുന്ന മറ്റൊരു കാര്യം ലോകത്തുള്ള മതങ്ങളെല്ലാം ഒന്നിച്ചിരുന്ന് മത സൗഹാർദത്തെ കുറിച്ച് ചിന്തിക്കാനും അതനുസരിച്ച് മുന്നോട്ട് പോകാനും തയ്യാറാണെന്നാണ്. ഈ സമ്മേളനത്തിൽ പങ്കെടുക്കുക എന്നത് എന്നെ സംബന്ധിച്ചെടുത്തോളം അഭിമാനകരമായ ഒരവസരമാണ്.

ജമാഅത്തുമായി നേരത്തെ തന്നെ നല്ലബന്ധമുള്ള അമേരിക്കയിലെ കമ്മീഷ്ണർ ഓഫ് ഇന്റർനാഷണൽ റിലീജിയൻ ഫ്രീഡത്തിന്റെ വൈസ് ചെയർമാനായ മിസ്റ്റർ കിട്രീന പറയുന്നു; ''ഇന്ന് നിങ്ങളോടൊപ്പം പങ്കെടുക്കാനുള്ള അവസരം ലഭിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. എന്നെ ആദരിച്ചതായി ഞാൻ ഇതിനെ മനസ്സിലാക്കുന്നു ബ്രിട്ടനിൽ ഈ ജമാഅത്ത് നൂർ വർഷം പൂർത്തിയാക്കിയതിന്റെ സന്തോഷത്തിൽ നടത്തപ്പെടുന്ന ഈ സമ്മേളനത്തിൽ ഞാൻ ഇവിടെ സന്നിഹിതയാണ്. അമേരിക്കയിൽ നിന്നും ഇതിനായി വന്നതായിരുന്നു. ഇന്നത്തെ ഈ ഫങ്ങ്ഷൻ പരസ്പരം സാഹോദര്യത്തിന്റെയും സഹിഷ്ണതയുടേയും മൂല്യങ്ങളെ മനസ്സിലാക്കുന്നതിനായാണ് സംഘടിപ്പിക്കുന്നത്. ഈ ഗുണങ്ങളാണ് നിങ്ങളുടെ ജമാഅത്തിന്റെ അടിസ്ഥാന തത്വം. അഹ്മദിയ്യാ ജമാഅത്ത് മതങ്ങൾ പരസ്പം സഹകരിക്കുന്നതിന്റെയും തമ്മിൽ അറിഞ്ഞുകൊണ്ട് പ്രവർത്തിക്കുമെന്നതിന്റെയും പരസ്പരം ആദരിക്കണമെന്നതിന്റെയും ജീവിച്ചിരിക്കുന്ന ദൃഷ്ടാന്തമാണ്. കഴിഞ്ഞ നൂറ്റാണ്ടിലേക്ക് നാമൊന്ന് തിരിഞ്ഞു നോക്കുമ്പോൾ ഒരു മനോഹര കാഴ്ച കാണാൻ സാധിക്കുന്നതാണ്. നന്മയുടെയും പരിശുദ്ധിയുടെയും വിളക്ക് തെളിയിച്ച് അന്ധകാരത്തെ ദുരീകരിക്കാനുള്ള കഠിന പ്രയത്നം ചെയ്ത മഹൽ വ്യക്തിത്വങ്ങളെ നമുക്ക് അതിൽ കാണാൻ സാധിക്കുന്നതാണ്.'' അതിനു ശേഷം ചില വ്യക്തികളുടെ പേർ അവർ പറഞ്ഞു; അവസാനം പറയുന്നു: ''20 ാം നൂറ്റാണ്ടിൽ നിങ്ങളുടെ ജമാഅത്ത് ലോകസമൂഹം നേരിടുന്ന അക്രമത്തിനും മർദനത്തിനുമെതിരിൽ എങ്ങനെയാണ് പോരാടുന്നത് എന്ന് നാം കണ്ടുകൊണ്ടിരിക്കുകയാണ്.'

(ഇവിടെ ഇവർക്ക് ഒരു അബദ്ധം പിണഞ്ഞിരിക്കുകയാണ്. 19 ാം നൂറ്റാണ്ടിൽ തന്നെ ഹ: മസീഹ് മൗഊദ് عليه السلام ന്റെ വരവോട് കൂടി അഹ്മദിയ്യാ ജമാഅത്ത് അക്രമത്തിനെതിരെ ശബ്ദം ഉയർത്തിക്കൊണ്ടിരിക്കുകയാണ്. മസീഹ് മൗഊദ് നൽകിയ അധ്യാപനത്തിന്റെ വെളിച്ചത്തിലാണ് ഇവയെല്ലാം ചെയ്യുന്നത്. 20ാം നൂറ്റാണ്ട് എന്നതിന് പകരം 19ാം നൂറ്റാണ്ട് എന്ന് പറയേണ്ടതായിരുന്നു.) പറയുന്നു; ''ഞങ്ങളും നിങ്ങളെ പോലെ സഹിഷ്ണതയും സമാധാനവും ആഗ്രഹിക്കുന്നവരാണ്. നിങ്ങളെ പോലെ ഞങ്ങളും വിവിധ ആദർശങ്ങൾ ഉള്ളവർ ഒത്തൊരുമിച്ച് ജീവിക്കണം എന്ന് ആഗ്രഹിക്കുന്നവരാണ്. പരസ്പരം കാര്യങ്ങൾ കേൾക്കണം. മറ്റുള്ളവരെ ആദരിക്കാത്തതുവരെ നമുക്ക് അവരുടെ കാര്യങ്ങൾ കേൾക്കാനെ കഴിയുകയില്ല. അഹ്മദിയ്യാ ജമാഅത്ത് പരസ്പര സൗഹൃദത്തിന്റെ പാഠമാണ് നൽകുന്നതെന്നതിന് ഞാൻ സാക്ഷിയാണ്. നമുക്കെല്ലാവർക്കും നമ്മുടെ വിശ്വാസമനുസരിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യം ലഭിക്കേണ്ടതാണ്. നാം പരസ്പരം ആശയവിനിമയം നടത്തുമ്പോൾ സമത്വം, നീതി, മനുഷ്യത്വം എന്നീ മൂല്യങ്ങളെ മുൻനിർത്തിക്കൊണ്ടായിരിക്കണം ചെയ്യേണ്ടത്. ഈ ലക്ഷ്യം കരസ്ഥമാക്കുന്നതിനായി നാമെല്ലാവരും പൂർണ ഹൃദയത്തോടെ പ്രവർത്തിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.'' *വൻ ശക്തികളെയും ഈ കാര്യങ്ങൾ മനസ്സിലാക്കുന്നവരാക്കി അല്ലാഹു മാറ്റട്ടെ.*

ബ്രിട്ടൻ പ്രൈം മിനിസ്റ്ററുടെ സന്ദേശം ഇവിടത്തെ

അറ്റാർണി ജനറൽ റൈറ്റ് ഓണറബ്ൾ ഡൊമനിക്ക് ക്രീവ്സ് വായിച്ച് കേൾപ്പിക്കുകയുണ്ടായി. അതിനുമുമ്പ് അദ്ദേഹം തന്റെ കാര്യങ്ങൾ പറയുകയും ചെയ്തു. 'സന്ദേശം കേൾപ്പിക്കുന്നതിനു മുമ്പേ ഈ സമ്മേളന സ്ഥലം തിരഞ്ഞെടുത്തതും ഏറ്റവും ഉചിതമായെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ നിന്നാണ് ഇംഗ്ലീഷുകാരിൽ ഒരു സമൂഹം എന്ന നിലയ്ക്ക് വിശാല കാഴചപ്പാട് ജന്മമെടുത്തത്. അങ്ങനെ ലോകത്തേക്ക് കണ്ണു തുറന്ന് നോക്കാൻ അവരെ പ്രേരിപ്പിച്ചതും. ഇന്ന് നാമെല്ലാവരും ഈ സമ്മേളനത്തിനായി ഇവിടെ ഒരുമിച്ച് കൂടുക എന്നത് ഇതിന്റെ ഒരനുഗ്രഹമാണ്. ഇന്നത്തെ ജൽസ തീർച്ചയായും വ്യത്യസ്ഥമായ ഒരു ജൽസയാണ്. ഒരു ക്രിസ്ത്യാനി എന്ന നിലയ്ക്ക് ഏതുമതത്തിന്റെ അനുയായിയാണെങ്കിലും ശരി, ഒരു മത നിഷേധിയേക്കാളും മറ്റു മതസ്ഥരുടെ വികാര വിചാരങ്ങളെ ശരിക്കും മനസ്സിലാക്കാൻ കഴിയുന്നത് മത വിശ്വാസിക്കാണെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയും. ഇദ്ദേഹത്തിന്റെ ഈ കാര്യം ശരിയാണ്.'' *കാര്യങ്ങൾ മനസ്സിലാക്കുന്നവരായി ഇവർ മാറട്ടെ.* പ്രധാന മന്ത്രിയുടെ സന്ദേശം അദ്ദേഹം വായിച്ചു കേൾപ്പിച്ചു. 'ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനായി അഹ്മദിയ്യാ ജമാഅത്ത് വിവിധ മതാനുയായികളെ ഒരു പ്ലാറ്റ് ഫോമിൽ ഒരുമിച്ച് കൂട്ടിയതിന് അവരെ അനുമോദിക്കുന്നു. ഇംഗ്ലണ്ടിൽ അഹ്മദിയ്യാ ജമാഅത്ത് ചെയ്യുന്ന അനുപമമായ സൃഷ്ടി സേവനത്തെ പ്രകീർത്തിക്കുന്നു. നിങ്ങൾ ഒരുഭാഗത്ത് മത സൗഹാർദ യോഗങ്ങൾ രാജ്യത്ത് നടത്തുമ്പോൾ മറുഭാഗത്ത് അടുത്ത കാലത്തുണ്ടായ വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കുകയും ചെയ്യുന്നു. (അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖുദ്ദാമുൽ അഹ്മദിയ്യാ ഇതിനായി വളരെയധികം പ്രയത്നിക്കുകയുണ്ടായി.) മതങ്ങൾക്കിടയിൽ രഞ്ജിപ്പ് ഉണ്ടാക്കുന്ന പ്രശ്നത്തെ കുറിച്ച് ചോദിക്കുകയാണെങ്കിൽ ഇന്നത്തെ ഈ സമ്മേളനം തന്നെ നിങ്ങൾ നിങ്ങളുടെ ഈ പ്രവർത്തനത്തിൽ എന്തുമാത്രം ആത്മാർഥതയുള്ളവരാണെന്ന് വ്യക്തമായ സാക്ഷ്യം നൽകുന്നതാണ്. ഇവിടെ ലോകത്തുള്ള വിവിധ മതാനുയായികൾ ഒരുമിച്ചിരിക്കുന്നു. ലോകം മുഴുവനും ശാന്തിയുടെ മടിത്തൊട്ടിലായിത്തീരട്ടെ. ഈ സമ്മേളനത്തിൽ ബ്രിട്ടൺ സർക്കാറിന്റെ പ്രാധിനിത്യം കൂടി ഉണ്ടെന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഞങ്ങൾ അഹ്മദിയ്യാ ജമാഅത്തിന്റെ നേതാവിനേയും മറ്റു മത നേതാക്കളായ അതിഥികളെയും പർസപരം സഹകരിച്ചു കൊണ്ട് ലോകത്ത് എങ്ങനെ സമാധാനം ഉണ്ടാക്കാൻ സാധിക്കും എന്ന് ആലോചിക്കുന്നതിനെ അഭിനന്ദിക്കുന്നു.

ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ നേതാവായ രാജ്ഞിയുടെ പ്രൈവറ്റ് സെക്രട്ടറി എഴുതി. ഇംഗ്ലണ്ടിലെ രാജ്ഞി ബ്രിട്ടൺ അഹ്മദിയ്യാ ജമാഅത്ത് ശതവാർഷിക പരിപാടിയുടെ ഭാഗമായി ഗിൽഡ് ഹാളിൽ ആഗോള മത മഹാ സമ്മേളനം നടത്തുന്നു എന്ന സന്ദേശം വളരെ സന്തോഷത്തോടെ സ്വീകരിക്കുന്നു. ബഹുമാന്യരായ രാജ്ഞിക്ക് ഈ സമ്മേളനത്തിന്റെ ലക്ഷ്യം അറിഞ്ഞപ്പോൾ വളരെയധികം സന്തോഷമുണ്ടായി. സന്ദേശം അയക്കാനുള്ള താങ്കളുടെ അപേക്ഷക്ക് നന്ദി അറിയിക്കുന്നു. ഈ സമ്മേളനം നല്ല രീതിയിൽ നടക്കട്ടെ എന്ന് ബഹുമാന്യ രാജ്ഞി ആശംസിക്കുന്നു.

മറ്റുള്ളവരുടെ പ്രതികരണങ്ങളും അവരുടെ പ്രഭാഷണങ്ങളുമാണ് ഇതുവരെ പറഞ്ഞത്. ഞാൻ അവിടെ പറഞ്ഞ കാര്യങ്ങളുടെ ചുരുക്കം കേൾപിക്കാം. ഞാൻ പറഞ്ഞതുപോലെ പലരും അത് കേട്ടിട്ടില്ല എന്നാണ് തോന്നുന്നത്. പത്രങ്ങളിൽ വ്യക്തമായി വന്നിട്ടുമില്ല. ഞാൻ പറഞ്ഞത് ഇതാണ്. അല്ലാഹു ആഗ്രഹിക്കുന്നത് ജനങ്ങൾ സംസ്കരിക്കപ്പെടണം എന്നാണ്. മനുഷ്യൻ അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുന്നവരുമായിത്തീരേണ്ടതാണ്. ഈ ഒരു ലക്ഷ്യത്തിനാണ് അല്ലാഹു പ്രവാചകന്മാരെ ലോകത്തേക്ക് അയക്കുന്നത്. പ്രവാചകന്മാരുടെ കാര്യങ്ങൾ കേൾക്കുന്നവർ വിജയിക്കും. നിഷേധിക്കുന്നവർ പരാജയപ്പെടും. മതത്തെ നിഷേധിച്ച സമൂഹം, അല്ലാഹു അയച്ചവരെ നിഷേധിച്ചവർ, അല്ലാഹുവിന്റെ അസ്തിത്വത്തെ നിഷേധിച്ചവർ, ദൈവം എന്നതെല്ലാം വെറും ഊഹമാണെന്നും ദൈവമോ ശിക്ഷയോ ഒന്നും ഇല്ലെന്നും പറഞ്ഞ സമൂഹങ്ങളെല്ലാം നാമാവശേഷമായി. വിശുദ്ധ ഖുർആൻ അങ്ങനെയുള്ള സമൂഹങ്ങളുടെ ചരിത്രത്താൽ നിറഞ്ഞു കിടക്കുകയാണ്. ഇതുപോലെ മറ്റു മതഗ്രന്ഥങ്ങളും ഈ കാര്യങ്ങൾ വിവരിക്കുന്നുണ്ട്. അല്ലാഹുവിന്റെ വരിഷ്ഠ ദാസരുടെ നിഷേധികൾ നശിച്ചൊടുങ്ങുകയുണ്ടായി. ഇതെല്ലാം നമ്മേ ചിന്തിപ്പികുന്നതായിത്തീരേണ്ടതാണ്. ഇത് വെറും കഥകളല്ല. ഓരോ മത ചരിത്രവും തന്നെ ഇതിന് സാക്ഷ്യം പറയുന്നുണ്ട്.

ഞാൻ വിശ്വസിക്കുന്ന ദൈവീക ഗ്രന്ഥം വിശുദ്ധ ഖുർആനാണ്. അത് നമ്മോട് പറയുന്നത് അല്ലാഹു പ്രവാചകന്മാരെ അയച്ചത് മനുഷ്യൻ ആത്മീയതയുടെ ഉന്നത പദവി കരസ്ഥമാക്കി അല്ലഹുവുമായി ബന്ധം സ്ഥാപിക്കുക എന്നാണ്. അങ്ങനെ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുക. ഇതേപോലെ ഉന്നത ധാർമിക ഗുണങ്ങൾ സ്വായത്തമാക്കി ദൈവ സൃഷ്ടികളോടുള്ള കടമകളും നിറവേറ്റുക. അല്ലാഹു തിരുനബി ﷺ യെ മുഴുവൻ ലോകത്തിന്റെയും സംസ്കരണത്തിനായി അയച്ചപ്പോൾ അത് കരസ്ഥമാക്കാനായി ആ മഹാത്മാവ് തബ്ലീഗ് പൂർണരൂപത്തിൽ ചെയ്തു. അതോടൊപ്പം രാത്രികളിൽ ഇതിന്റെ ഫലം ലഭിക്കാനും മനുഷ്യ ഹൃദയങ്ങൾ തുറക്കുന്നതിനായും ഇത് അംഗീകരിക്കുന്നതിനായും പ്രാർഥനയിൽ മുഴുകി. അങ്ങനെ ആ മഹാത്മാവിന്റെ സുജൂദിന്റെ സ്ഥലം കണ്ണുനീർ കൊണ്ട് നനയുമായിരുന്നു. തിരുനബിക്ക് മാനവരാശിയുടെ സംസ്കരണത്തെകുറിച്ചും അവരെ നാശത്തിൽ നിന്ന് രക്ഷപ്പെടുത്തേണ്ടതിനെ കുറിച്ചുമുണ്ടായിരുന്ന ഹൃദയ വേദന വിവരിക്കാൻ കഴിയില്ല. ഈ വേദനയും അവസ്ഥയും കണ്ട് അല്ലാഹു അദ്ദേഹത്തോട് പറഞ്ഞു; ''അവർ നിന്റെ കാര്യങ്ങൾ കേൾക്കുന്നില്ലെങ്കിൽ നീ നിന്നെ നശിപ്പിച്ചു കളയുമോ. എന്നാൽ അല്ലാഹു ഇത് പറഞ്ഞ് അവസാനിപ്പിച്ചില്ല. ദുഃആ സ്വീകരിക്കുകയും ആ ഹൃദയ നൊമ്പരത്തെ തണുപ്പിക്കാനുള്ള കാര്യങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു. അങ്ങനെ എല്ലാ തരം തിന്മയിലും ഉൾപ്പെട്ടിരുന്ന ആ സമൂഹത്തിൽ നിന്നും തിന്മകളെ അകറ്റി ധാർമിക ഗുണമുള്ളവരും അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നവരുമാക്കി മാറ്റി. ഈ മാറ്റം ഒരു ഭൗതിക ശക്തിക്കും ചെയ്യാൻ സാധ്യമല്ല. ഇത് തീർച്ചയായും ദുഃആകൾ കേൾക്കുകയും ഹൃദയത്തെ നിയന്ത്രിക്കുകയും ചെയ്യുന്ന അല്ലാഹുവിന്റെ പ്രവർത്തിയായിരുന്നു. തുടർന്ന് പറഞ്ഞത് ശത്രുക്കളോട് സ്നേഹ ഐക്യത്തിൽ വർത്തിച്ചു കൊണ്ട് നബി ﷺ സ്ഥാപിച്ചു കാണിച്ച

മാതൃകക്ക് ഭൗതിക ലോകത്തിൽ എവിടെയും ഉദാഹരണം കാണിക്കാൻ കഴിയില്ല. മക്കയിൽ അതിക്രൂരമായ ശത്രുത കാണിച്ചിരുന്ന ശത്രുക്കൾക്ക് മക്കാവിജയ സമയത്ത് അവർ ഒരിക്കലും ഒരു തെറ്റും ചെയ്തിട്ടില്ലാത്തതു പോലെ അവർക്ക് പൊറുത്തു കൊടുക്കുകയുണ്ടായി. എല്ലാ കാഫിറുകൾക്കും ശാന്തിയോടുകൂടി നിയമത്തിന്റെ അതിർ വരമ്പുകൾക്കുള്ളിൽ നിൽക്കണമെന്ന നിബന്ധനയോടു കൂടി പൊറുത്തുകൊടുത്തു. ഈ പെരുമാറ്റ രീതികൾ കണ്ട് വലിയ ശത്രുക്കൾ പോലും അനിയന്ത്രിതമായി പറഞ്ഞത്, ഇങ്ങനെയുള്ള പെരുമാറ്റം ദൈവത്തിന്റെ പ്രവാചകന് മാത്രമേ സാധിക്കുകയുള്ളൂ എന്നാണ്. തീർച്ചയായും ഇസ്‌ലാം സത്യമാണ്. അങ്ങനെ അവർ വിശ്വസിക്കുകയും ചെയ്തു.

ഞാൻ പറയുകയുണ്ടായി. വിശുദ്ധ ഖുർആനിൽ നബി ﷺ യെ **റഹ്മത്തുല്ലിൽ ആലമീൻ** എന്ന് പറഞ്ഞിട്ടുണ്ട്. തീർചയായും അവിടുന്ന് റഹ്മത്തിന്റെ ഏറ്റവും ഉത്തമമായ ശ്രേണിയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ വചനത്തെ സത്യപ്പെടുത്തുന്ന ആയിരക്കണകിന് ഉദാഹരണങ്ങൾ നമുക്ക് അദ്ദേഹത്തിന്റെ ജീവിതത്തിൽ കാണാൻ സാധിക്കുന്നതാണ്. ഇതെല്ലാമുണ്ടായിട്ടും ഇസ്‌ലാമിനും തിരുനബി ﷺക്കും എതിരിൽ കാഠിന്യത്തിന്റെയും യുദ്ധത്തിന്റെയും ആരോപണങ്ങളാണ് ഉന്നയിക്കപ്പെടുന്നത്. യഥാർഥത്തിൽ ഇവയെല്ലാം ചരിത്രപരമായ അജ്ഞതയാണ് കാണിക്കുന്നത്. തിരുനബി ﷺ ഒരിക്കലും യുദ്ധം ആദ്യം തുടങ്ങിയിട്ടില്ല. മക്കയിൽ അക്രമത്തിനിരകളായി. മർദനം അസഹനീയമായപ്പോൾ മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു. ഒരിക്കലും പ്രതികാരം ചെയ്തില്ല. എന്നാൽ മക്കക്കാർ മുസ്‌ലീംകളെ ഇല്ലാതാക്കുന്നതിനായി മദീനയെ അക്രമിച്ചപ്പോൾ അല്ലാഹുവിന്റെ അനുമതിയോടെ അതിന് മറുപടി നൽകുകയുണ്ടായി.

ഇതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നുണ്ട്. അവിടെ ഞാൻ വിശുദ്ധ ഖുർആന്റെ വചനങ്ങൾ കേൾപ്പിക്കുകയുണ്ടായി. സൂറത്തുൽ ഹജ്ജിലെ രണ്ട് ആയത്തുകളാണ് കേൾപ്പിച്ചത്.

أُذِنَ لِلَّذِيْنَ يُقٰتَلُوْنَ بِاَنَّهُمْ ظُلِمُوْا ؕ وَاِنَّ اللّٰهَ عَلٰى نَصْرِهِمْ لَقَدِيْرُ ۙ۝۴۰ الَّذِيْنَ اُخْرِجُوْا مِنْ دِيَارِهِمْ بِغَيْرِ حَقٍّ اِلَّآ اَنْ يَّقُوْلُوْا رَبُّنَا اللّٰهُ ؕ وَلَوْلَا دَفْعُ اللّٰهِ النَّاسَ بَعْضَهُمْ بِبَعْضٍ لَّهُدِّمَتْ صَوَامِعُ وَبِيَعٌ وَّصَلَوٰتٌ وَّمَسٰجِدُ يُذْكَرُ فِيْهَا اسْمُ اللّٰهِ كَثِيْرًا ؕ وَلَيَنْصُرَنَّ اللّٰهُ مَنْ يَّنْصُرُهٗ ؕ اِنَّ اللّٰهَ لَقَوِيٌّ عَزِيْزٌ ۝۴۱

യുദ്ധം ചെയ്യപ്പെടുന്നവർക്ക് (തിരിച്ച് യുദ്ധം ചെയ്യാൻ) അനുമതി നല്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ കഴിവുള്ളവനാകുന്നു.

“ഞങ്ങളുടെ നാഥൻ അല്ലാഹുവാണ്” എന്നവർ പറയുന്നതൊഴിച്ച് (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽ നിന്ന് ബഹിഷ്കരിക്കപ്പെട്ടവരാണ് അവർ. മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽ നിന്നുള്ള അക്രമത്തിൽ നിന്ന് സ്വയം രക്ഷിക്കുന്നതിന് അല്ലാഹു അനുമതി നല്കിയില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂതപ്പള്ളികളും മുസ്‌ലിം പള്ളികളും എല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽ വെച്ച് അല്ലാഹുവിന്റെ നാമം ധാരാളമായി അനുസ്മരിക്കപ്പെടുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സംരക്ഷിക്കുകതന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാ ശക്തനും പ്രതാപവാനുമാകുന്നു.

ഞാൻ പറയുകയുണ്ടായി ഈ ആയത്തിന്റെ വെളിച്ചത്തിൽ മർദിതർക്ക് പ്രതിരോധിക്കാനുള്ള അവകാശം നൽകുകയുണ്ടായി. അതോടൊപ്പം മറ്റെല്ലാ മതങ്ങളെയും സംരക്ഷിക്കുക കൂടി ചെയ്യുന്നുണ്ട്. മാത്രമല്ല എല്ലാ ശക്തികളുടെയും ഉടമസ്ഥൻ അല്ലാഹുവാണെന്നത് അവന്റെ വാഗ്ദാനമാണ്. അവൻ നിഷേധികൾക്കെതിരിൽ ബലഹീനരായ മുസ്‌ലിംകളെ സഹായിക്കാൻ കഴിവുള്ളവനാണ്. നിഷേധികൾ തങ്ങളുടെ സർവവിധ കഴിവുകൾ ഉണ്ടായിട്ടുകൂടി, ആയുധങ്ങൾ ഉൾപ്പെടെ പരാജയപ്പെടുന്നതാണ്. അല്ലാഹു തന്റെ അസ്തിത്വത്തെ തെളിയിച്ചു കാട്ടി ബലഹീനരായ മുസ്‌ലിംകൾക്ക് നിഷേധികളുടെ മേൽ വിജയം നൽകി. ആയുധധാരികളായ വലിയ സൈന്യത്തെയാണ് അവർ പരാജയപ്പെടുത്തിയിരിക്കുന്നത്. അതിനാൽ നബി ﷺ യും അദ്ദേഹത്തിന്റെ ഖലീഫമാരും നടത്തിയ യുദ്ധങ്ങളെല്ലാം പ്രതിരോധത്തിനും സമാധാനം സ്ഥാപിക്കാനും വേണ്ടിയായിരുന്നു. ഒരിക്കലും ഭരണം പിടിച്ചെടുക്കാൻ വേണ്ടിയായിരുന്നില്ല. അതിനാൽ അല്ലാഹു പറഞ്ഞതുപോലെ അവന്റെ സഹായവും അവർക്ക് ലഭിക്കുകയുണ്ടായി.

പിന്നീട് ഞാൻ പറഞ്ഞു: മുസ്‌ലിംകളുടെ ശോചനീയമായ അവസ്ഥയെക്കുറിച്ചും മതത്തിൽ നിന്നുള്ള അകൽചയെ കുറിച്ചും തിരുനബി ﷺ പ്രവചനം നടത്തിയിരുന്നു. ഇന്ന് മുസ്‌ലിംകളുടെ ഭാഗത്ത് നിന്ന് വല്ല അക്രമവും വരുന്നുണ്ടെങ്കിൽ അവയെല്ലാം പ്രവചന പ്രകാരമാണ്. എന്നാൽ മുസ്‌ലിംകളുടെ അന്ത്യം ഇങ്ങനെ ആയിരിക്കില്ല. പൂർണമായും നാശത്തിന്റെ ഒരവസ്ഥ ആയിരിക്കില്ല. ഞാൻ ദൃഢമായി വിശ്വസിക്കുന്ന മറ്റൊരു കാര്യം, മുസ്‌ലിംകളുടെ അധഃപതനത്തെ കുറിച്ച് ഈ പ്രവചനം പൂർത്തിയായതുപോലെ അവരുടെ ആത്മീയ പുരോഗതിയെ കുറിച്ചുള്ള പ്രവചനവും പുലരുക തന്നെ ചെയ്യുന്നതാണ്. അത് മസീഹ് മൗഊദിന്റെ ആഗമനത്തോടുകൂടിയാണ് പൂർത്തിയാകുക. ഞാനും അഹ്മദിയ്യാ ജമാഅത്തും വിശ്വസിക്കുന്നത് വാഗ്ദത്ത മസീഹ് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകനാണ്. അദ്ദേഹത്തെ അംഗീകരിക്കുന്നവരിൽ യഥാർഥ ഇസ്‌ലാമിന്റെ അധ്യാപനം അദ്ദേഹം നടപ്പിൽ വരുത്തുകയുണ്ടായി. ഒരു ജമാഅത്ത് സ്ഥാപിച്ചു. അത് യഥാർഥ ഇസ്‌ലാമിക അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നു. പ്രവർത്തിക്കാൻ ശ്രമിക്കുന്നു. മറ്റൊരു കാര്യം ഞാൻ പറഞ്ഞത് ഇതാണ്. വാഗ്ദത്ത മസീഹ് ഇസ്‌ലാമിന്റെ പുനർജനനത്തിനായാണ് വന്നത്. അദ്ദേഹത്തോടൊപ്പവും അല്ലാഹുവിന്റെ സഹായമുണ്ട്. മൂന്ന് കാര്യങ്ങൾ ഉദാഹരണമായി ഞാൻ കേൾപിച്ചു. ഈ മൂന്ന് പ്രവചനങ്ങളും അദ്ദേഹത്തിന്റെ സത്യത്തിനുള്ള സാക്ഷ്യങ്ങളാണ്. ഒരു പ്രവചനം ഇക്കാലത്ത് ഭൂകമ്പങ്ങളും പ്രളയങ്ങളും വളരെ കൂടുതൽ ഉണ്ടാകുന്നതാണ് എന്നാണ്. ഇത് സത്യമായി പുലരുകയുണ്ടായി. കഴിഞ്ഞ നൂറ്റാണ്ടുകളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ ഭൂകമ്പങ്ങൾ ഈ നൂറ്റാണ്ടിൽ പ്രകടമായി. റഷ്യൻ ഭരണകൂടം തകർക്കപ്പെടുമെന്നും

സാറിന്റെ ഭരണകൂടം മറിച്ചിടുമെന്നും പറഞ്ഞിരുന്നു. ആ പ്രവചനവും സത്യമായി പുലർന്നു. യുദ്ധങ്ങളെ കുറിച്ചുള്ള പ്രവചനമാണ് അടുത്തതായി നടത്തിയത്. നാം ഇപ്പോൾ രണ്ട് ലോകമഹായുദ്ധങ്ങൾ കാണുകയുണ്ടായി. മാനവരാശി വീണ്ടും ഒരു യുദ്ധത്തിന്റെ പിടിയിൽ വരാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ലോകത്തിലെ സൈനിക ശക്തി വർദ്ധിപ്പിക്കുന്നതിനായുള്ള ബജറ്റ് മറ്റെല്ലാ ആവശ്യങ്ങളെയും പിൻപുറം തള്ളിയിരിക്കുകയാണ്. സൈന്യത്തെ വർധിപ്പിക്കാനും ആയുധങ്ങൾ ശേഖരിക്കാനും വൻ സൈന്യ ശക്തിയായി തീരാനുമാണ് ലോകം ശ്രമിച്ചു കൊണ്ടിരിക്കുന്നത്. അതിനാൽ ലോകം ഒന്നുകൂടി ഇക്കാര്യത്തെ കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. അശാന്തി ലോകത്ത് മതങ്ങൾ കാരണമല്ല പരക്കുന്നത്. അത്യാഗ്രഹവും രാഷ്ട്രീയവുമാണ് ഇതിന്റെ കാരണങ്ങൾ. മറ്റൊന്ന് പറഞ്ഞത് ഇക്കാലത്ത് അല്ലാഹു അയച്ച വ്യക്തിയോടൊപ്പം അവന്റെ സഹായ ഹസ്തവുമുണ്ട്. ഈ സഹായങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഇന്ത്യയിലെ വളരെ ദൂര ദിക്കിൽ താമസിക്കുന്ന ഒരു വ്യക്തിക്ക് അല്ലാഹുവിന്റെ സന്ദേശം ലോകം മുഴുവനും വ്യാപിപ്പിക്കാൻ കഴിയുമായിരുന്നില്ല. മസീഹ് മൗഊദ് (അ)ന്റെ വഫാത്തിന് ശേഷം ഖിലാഫത്തിന്റെ സംവിധാനം നിലവിൽ വന്നു. അതോടൊപ്പം ഈ പ്രവർത്തനങ്ങൾ മുന്നോട്ട് കുതിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹു ഉണ്ടെന്നതിന് ഈ കാലത്തുള്ള തെളിവുകളിൽ ഒന്ന് അഹ്മദിയ്യത്തിന് അല്ലാഹു നൽകുന്ന സഹായങ്ങൾ കൂടിയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ നമുക്ക് ബോധ്യപ്പെടുത്തി തന്നത് പ്രവാചക വൃത്തങ്ങൾ വെറും കെട്ടുകഥയല്ല. മറിച്ച് അല്ലാഹു ഇന്നും ജീവിച്ചിരിപ്പുള്ളവനും തന്റെ വരിഷ്ഠ ദാസരോട് അവൻ സംസാരിക്കുകയും ചെയ്യുന്നു. അവർക്ക് അവൻ അടയാളങ്ങൾ കാണിക്കുകയും ചെയ്യുന്നു. അതിനാൽ ലോകം ഇതിലേക്കാണ് ശ്രദ്ധ തിരിക്കേണ്ടത്. തങ്ങളുടെ തെറ്റുകളെ മതത്തിലും ദൈവത്തിലും കെട്ടിവെക്കാതിരിക്കുക. സ്വയം ഒരാത്മ പരിശോധന നടത്തുക. *ഇതനുസരിച്ച് പ്രവർത്തിക്കാൻ അല്ലാഹു ലോകത്തിന് തൗഫീഖ് നൽകട്ടെ.*" ഞാൻ 30,35 മിനിറ്റ് അവിടെ ചെയ്ത പ്രഭാഷണത്തിന്റെ ചുരുക്കമാണിത്.

ചില പ്രതികരണങ്ങൾ ഇപ്പോൾ കേൾപ്പിക്കുകയാണ്. ജനങ്ങളുടെ മുഖത്ത് നിന്നും മനസ്സിലായതും ചിലർ നേരിട്ട് പറഞ്ഞതും ഇസ്ലാമിനെ കുറിച്ച് ചുരുങ്ങിയ രീതിയിൽ പറയപ്പെട്ട കാര്യങ്ങൾ അവരെ സ്വാധീനിച്ചിട്ടുണ്ട് എന്നാണ്.

യൂറോപ്പ്യൻ കൗൺസിൽ ഫോർ റിലീജിയൻ ലീഡേർസ് സെക്രട്ടറി സ്റ്റീം വില്യം സ്റ്റർട്ട് പറഞ്ഞു. "ഈ രീതിയിൽ ഒരുമിച്ചിരിക്കുക എന്നതും വിവിധ മതസ്ഥരുടെ കാര്യങ്ങൾ കേൾക്കുക എന്നതും അതോടൊപ്പം നാമെല്ലാവരും സമാധാനത്തെ ആഗ്രഹിക്കുന്നവരാണെന്ന് ഏറ്റു പറയുന്നതുമെല്ലാം ഏറ്റവും വലിയ വിജയമാണ്."

ഇംഗ്ലണ്ടിലെ ഗ്രനഡയിലെ ഐ കമ്മീഷ്ണർ ഹിസ് എക്സലൻസി ജോസ്ലിൻ വൈറ്റ്മാൻ പറയുന്നു. "വളരെ നല്ല ഒരു പരിപാടിയായിരുന്നു. ഇത്രയധികം മതങ്ങളുടെ ആളുകൾ ഒരേ കുടക്കീഴിൽ ഒരുമിച്ച് കൂടുക എന്നത് നമ്മുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുന്നതാണ്. ലോകത്തിന്റെ ഇപ്പോഴുള്ള പ്രശ്നങ്ങൾക്ക് പരിഹാരത്തിനായി ജനങ്ങളെ എങ്ങനെ ഒരുമിച്ച് കൂട്ടാൻ സാധിക്കും എന്ന് നമുക്ക് ഇതിലൂടെ മനസ്സിലാകുന്നു."

ലണ്ടൻ മെട്രോ പോലിറ്റൻ പോലീസ് കമാന്റർ മാക് ചിസ്റ്റിൻ പറയുന്നു. "ഇന്നത്തെ ഈ പരിപാടിയിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് ഓരോ മതസ്ഥരും അവരുടെ മതത്തിന്റെ ഗുണങ്ങൾ എടുത്തു പറഞ്ഞു. മറ്റു മതങ്ങളെ ഒരിക്കലും ആക്ഷേപിച്ചില്ല. ഇതു മുഖേന നമുക്ക് ഒന്നാകാനും സൗഹൃദം നിലനിർത്താനും സാധിക്കുന്നതാണ്." (മസീഹ് മൗഊദ് (അ) ഇങ്ങനെയുള്ള പരിപാടികളാണ് വേണ്ടത് എന്നെഴുതി രാജ്ഞിക്ക് അറിയിച്ചിരുന്നു.)

യൂറോപ്പ്യൻ പാർലമെന്റിൽ ലണ്ടന്റെ പ്രതിനിധി ഡോ. ചാൾസ് ടെന്നോക്ക് മെപ് പറയുന്നു; "ഭാവിയിൽ ഈ ഒരു മാർഗം അവലംബിക്കുകയല്ലാതെ മറ്റൊരു മാർഗവുമില്ല. നാമെല്ലാവരും ദൈവത്തെ വിശ്വാസിക്കുന്നവരാണ്. മതത്തിന്റെ പേരിൽ നമ്മൾ പരസ്പരം തമ്മിലടിച്ചു കൊണ്ടിരിക്കണമെന്നല്ല ദൈവം ആഗ്രഹിക്കുന്നത്. അതിനാൽ സമാധാനത്തിനുള്ള ഈ പ്രവർത്തനത്തെ ഞാൻ പിൻതാങ്ങുന്നു. അഹ്മദികളെ സംബന്ധിച്ച് ഏറ്റവും ആദരിക്കപ്പെടുന്ന ഒരു കാര്യം ഇവരുടെ മതത്തിന്റെ അടിസ്ഥാനം സ്നേഹം ഏവരോടും വെറുപ്പ് ആരോടുമില്ല എന്നതിലാണ്. എന്റെ അഭിപ്രായത്തിൽ ഇത് അന്തർദേശീയ തലത്തിലുള്ള ഒരു സന്ദേശമാണ്. മതങ്ങളെല്ലാം കഴിയുന്നത്ര ഒരുമിക്കുകയാണെങ്കിൽ നല്ലതാണ്."

ബാറോണസ് ബെറിഡ്ജ്, ഇംഗ്ലണ്ട് പാർലമെന്റിലെ ഓൾ പാർട്ടി പാർലമെന്റ് ഗ്രൂപ്പിന്റെയും ഇന്റർ നാഷണൽ ഫ്രീഡത്തിന്റെയും ചെയർപേർസൺ പറയുന്നു; "എനിക്ക് ഓൾ പാർട്ടി ചെയർമാൻ എന്ന പദവിയുണ്ട്. എനിക്കറിയാം അഹ്മദിയ്യാ ജമാഅത്ത് മറ്റുള്ളവരുടെ ഗുണത്തിനായി ഏതു രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന്. ഇമാം ജമാഅത്ത് അഹ്മദിയ്യാ തന്റെ പ്രഭാഷണത്തിൽ ഈ കാര്യം പറയുകയും ചെയ്തു. അഹ്മദിയ്യാ സമൂഹത്തോടൊപ്പം അവരുടെ പ്രവർത്തനത്തെ സഹായിക്കാൻ അവസരം ലഭിക്കുന്നതിൽ സന്തോഷമുണ്ട്. അഹ്മദികൾക്ക് ഈ നാട്ടിൽ പൂർണ സ്വാതന്ത്ര്യമുണ്ടെന്നതിലും സന്തോഷമുണ്ട്."

ഇംഗ്ലണ്ടിലെ ഓൾ പാർട്ടി പാർലമെന്റ് ഗ്രൂപ്പിന്റെയും ഇന്റർ നാഷണൽ ഫ്രീഡത്തിന്റെയും മെമ്പർ ജേ കാർട്ടർ പറഞ്ഞു. "എല്ലാ മതങ്ങളുടെയും അടിസ്ഥാനം ഒന്നു തന്നെയാണ്. സ്നേഹം, സാഹോദര്യം, സഹിഷ്ണുത എന്നീ പാഠങ്ങളാണ് നൽകുന്നത് എന്നത് സ്തുത്യർഹമാണ്. മതത്തെ ജനങ്ങൾക്ക് പരസ്പരം തമ്മിലടിക്കാനുള്ള ഒരു ഭീകര സത്വമായി അവതരിപ്പിക്കുന്നത് യഥാർഥത്തിൽ മീഡിയകളാണ്. എന്നാൽ ഇന്നത്തെ ഈ സദസ്സിൽ നാം കണ്ടത് അതിന് കടക വിരുദ്ധമാണ്. ഇമാം ജമാഅത്തെ അഹ്മദിയ്യായുടെ മറ്റൊരു സന്ദേശം, ശാന്തിയെ കുറിച്ചും പരസ്പരം അറിയേണ്ടതിനെ കുറിച്ചുമാണ്. മറ്റുള്ളവരെയും നാം പരിഗണിക്കേണ്ടതാണ്. കാരണം നാമെല്ലാവരും ആദമിന്റെ മക്കളാണ്, ദൈവ സൃഷ്ടികളാണ്. മറ്റുള്ളവരുടെ വികാരങ്ങളെ നാം മാനിക്കേണ്ടതാണ്. ശാന്തിയോടെ ഒത്തൊരുമിച്ച് ജീവിക്കേണ്ടതാണ്. അതല്ലാതെ തമ്മിലടിച്ച് കഴിയരുത്. സമാധാനത്തിനായി കഴിവതും പരിശ്രമിക്കുക." (ഇസ്രായീലിന്റെ റബ്ബായിയാണ്. അവരുടെ ഭരണകൂടത്തോടും ഈ കാര്യം പറയേണ്ടതാണ്.)

കൗൺസിലർ സൺതോക്ക് സിങ്ങ് പറയുന്നു. "ഞാൻ

മനസ്സിലാക്കുന്നത് ഇമാം ജമാഅത്ത് അഹ്മദിയ്യാ നമുക്ക് മനസ്സിലാക്കിത്തരുന്നത് മതങ്ങളിലുള്ള ചില കാര്യങ്ങൾ യോചിച്ചതായിട്ടുണ്ട് എന്നാണ്. ലോക മതങ്ങളെല്ലാം മാനവികതയെ കുറിച്ചാണ് പഠിപ്പിക്കുന്നത്. നാം പരസ്പരം സഹകരിച്ച് വർത്തിക്കേണ്ടതാണ്. പരസ്പരം നന്മ ചെയ്തു ജീവിക്കേണ്ടതാണ്.'' നോർവ്വയിൽ നിന്ന് ഒരു രാഷ്ട്രീയ പാർട്ടിയുടെ നേതാവ് ബിലി ടേങ്കർ പറയുന്നു. ''ഇമാം ജമാഅത്ത് അഹ്മദിയ്യാ തന്റെ പ്രഭാഷണത്തിന്റെ അവസാനം നമുക്ക് നൽകിയ മഹത്തായ സന്ദേശം ഇതാണ്. നമുക്കെല്ലാവർക്കും ഒത്തൊരുമിച്ച് സമാധാന സ്ഥാപനത്തിനായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ലോകത്ത് ഇന്ന് ഏറ്റവും ആവശ്യമുള്ളതിതാണ്. നോർവ്വയിലും ഈ സന്ദേശത്തിന്റെ വലിയ പ്രാധാന്യമുണ്ട്.''

യൂനിവേഴ്സിറ്റി ഓഫ് എംസ്റ്റഡം പ്രൊഫസർ ടി. സുനീർ പറയുന്നു, ''അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം വളരെ വ്യക്തമായി പറഞ്ഞ കാര്യം ഇസ്ലാമിന്റെയും വിശുദ്ധ ഖുർആന്റെയും അധ്യാപനങ്ങൾ ഉഗ്രവാദത്തിന് പകരം സമാധാന സ്ഥാപനത്തിനായാണ് ഊന്നൽ നൽകുന്നത്.''

ഗ്രീക്ക് ഓർത്തഡോക്സും പ്രെട്രിയാക് ഓഫ് എന്റിയാക്കുമായി ബന്ധപ്പെട്ട ഫാദർ എത്തുൽ വൈൻ പറയുന്നു. ''ഞാൻ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ വിവിധ പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. ഇമാം ജമാഅത്ത് അഹ്മദിയ്യായുടെ വ്യക്തിത്വത്തേയും പ്രവർത്തനത്തേയും അനുമോദിക്കുന്നു. എന്നത്തേയും പോലെ തന്നെ ഈ പരിപാടിയുടെ ഏറ്റവും ഉത്തമ പ്രഭാഷണം ഖലീഫയുടേതായിരുന്നു. വിവിധ മതസ്ഥരെ ഒരുമിച്ച് കൂട്ടുന്നതും അവരിൽ നിന്നും അവരുടെ മത കാര്യങ്ങൾ കേട്ടിരിക്കുന്നതും തികച്ചും ധീരമായ പ്രവർത്തിയാണ്. ഇത് വലിയ വിജയമാണ്.''

അയർലെന്റിൽ നിന്നും വന്നിരുന്ന ഒരാൾ പറയുന്നു; ''ഈ കോൺഫറൻസിൽ ഞാനും പങ്കെടുത്തു. എനിക്ക് ഇവിടെ നിന്നും ലഭിച്ച സന്ദേശം എന്നെ പിടിച്ചു കുലുക്കുകയുണ്ടായി. എനിക്ക് അഹ്മദികളോട് പറയാനുള്ളത് പരസ്യം നൽകാതെ നമ്മുടെ സന്ദേശത്തെ പ്രചരിപ്പിക്കുക എന്നത് ഇക്കാലത്ത് വളരെ പ്രയാസകരമായ കാര്യമാണ്. ജമാഅത്ത് വളരെയധികം പ്രവർത്തിക്കുന്നുണ്ട്. നിങ്ങളുടെ പ്രവർത്തനത്തെ കൂടുതലായി പരസ്യപ്പെടുത്തുകയാണെങ്കിൽ എനിക്ക് വലിയ സന്തോഷമായിരിക്കും. കാരണം നിങ്ങളെ കുറിച്ച് ലോകത്ത് കുറഞ്ഞ പേർക്ക് മാത്രമേ അറിവുള്ളൂ.''

യൂറോപ്യൻ കൗൺസിലിലെ റിലീജിയൻസ് ലീഡേഴ്സുമായി ബന്ധപ്പെട്ട ജഹാങ്കീർ സാരോ സാഹിബ് പറയുന്നു. ''ഞാൻ സർതിശ്ത്ത് മതവിശ്വാസിയാണ്. ഈ സമ്മേളനം എന്നെ സ്വാധീനിക്കുകയുണ്ടായി. എല്ലാ പ്രഭാഷകരും നല്ല പ്രഭാഷണമാണ് കാഴ്ചവെച്ചത്. അവസാനം ഇമാം ജമാഅത്തിന്റെ സന്ദേശം ആശയ സമ്പുഷ്ടമായിരുന്നു.''

മത വിദ്യാഭ്യാസത്തിന്റെ അധ്യാപകൻ റാബൻ ഹസ്സി സാഹിബ് പറയുന്നു. ''ആത്മീയ നിർവൃതിയാൽ നിറഞ്ഞിരിക്കുന്ന ഒരു പരിപാടിയായിരിക്കും എന്നെനിക്ക് അറിയില്ലായിരുന്നു. പല മതങ്ങളുടെയും സന്ദേശം എനിക്ക് കേൾക്കാൻ സാധിച്ചു. വീട്ടിൽ പോയി ഇതിനെ കുറിച്ചെല്ലാം ചിന്തിക്കുന്നതാണ്. ഇമാം ജമാഅത്തിന്റെ പ്രസംഗം ഉടനെ പ്രസിദ്ധീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.''

കേണൽ ഡോ. കീൻ ഏതോ കത്തീഡ്രലുമായാണ് ഇദ്ദേഹത്തിന്റെ ബന്ധം പറയുന്നു, ''കുറച്ചുകാലം മുമ്പവരെ ജനങ്ങൾ മനസ്സിലാക്കിയിരുന്നത് നമുക്ക് മതത്തിന്റെയും ആവശ്യം ഇല്ല എന്നാണ്. ഞാൻ മനസ്സിലാക്കുന്നത് ഈ ചിന്താഗതി തികച്ചും തെറ്റാണെന്നാണ്.

ബെൽജിയം യുണിവേഴ്സിറ്റി എന്റ് വെർപൺ ഡോ. ലൈഡിയ (പങ്കെടുത്തിരുന്ന രണ്ട് പ്രൊഫസർമാരും) പറഞ്ഞു. ഇസ്ലാമിന്റെയും നബി ﷺ യുടെയും യഥാർഥ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഇമാം ജമാഅത്ത് അഹ്മദിയ്യാ നടത്തിയ പ്രഭാഷണം വളരെയധികം സ്വാധീനിക്കുകയുണ്ടായി.'' പ്രസംഗം കേട്ട് അവർ തീരുമാനിച്ചിരിക്കുന്നത്, യൂണിവേഴ്സിറ്റിയിൽ കുട്ടികൾക്ക് വിശുദ്ധ ഖുർആന്റെ ഫ്ളാമിഷ് തർജുമ നൽകുന്നതാണ്. വിശുദ്ധ ഖുർആൻ പഠിച്ച് അവർക്ക് യഥാർഥ ഇസ്ലാമിക അധ്യാപനം എന്താണെന്ന് മനസ്സിലാകുന്നതാണ്. തിരിച്ചു ചെന്നപ്പോൾ അവർക്ക് തർജുമ നൽകുകയുണ്ടായി. അത് യൂനിവേഴ്സിറ്റിയിൽ വിതരണം ചെയ്യുന്നുണ്ട്. ഇത് മുഖേന തബ്ലീഗിന്റെ പുതിയ വഴികൾ തുറക്കുകയും ചെയ്തിട്ടുണ്ട്.

സന്റിയാഗോ, കിത്താലറൂബിയോ, സ്പെയിനിൽ നിന്നും വന്ന മെഡ്രെഡ് യൂനിവേഴ്സിറ്റി റിലീജിയൻ പ്രൊഫസറാണ്. പല ഗ്രന്ഥങ്ങളും എഴുതിയിട്ടുണ്ട്. ജമാഅത്തുമായി നല്ല ബന്ധത്തിലാണ്. 2012 ൽ യൂറോപ്യൻ പാർലമെന്റിൽ നടന്ന പരിപാടിയിലും വന്നു, എന്നെ കാണുകയും ചെയ്തിരുന്നു. അദ്ദേഹം പറയുന്നു. ''ആഗോള മത മഹാ സമ്മേളനത്തെ കുറിച്ച് എന്റെ അഭിപ്രായം പ്രകടിപ്പിക്കാൻ തുടങ്ങിയാൽ, ഈ കോൺഫറൻസിന്റെ പ്രാധാന്യവും അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശത്തിന്റെ പ്രാധാന്യവും വിവരിക്കുകയാണെങ്കിൽ എത്രയോ പേജുകൾ നിറയുന്നതാണ്. ലോക ചരിത്രത്തിൽ വിവിധ മതങ്ങൾ സങ്കീർണ്ണ പ്രശ്നങ്ങൾക്ക് കാരണമായിട്ടാണ്, ഇക്കാലത്തും വിവിധ ശത്രുക്കൾ നിലനിൽക്കുന്നു. പാശ്ചാത്യം പൗരത്വം, ഇസ്ലാം ക്രിസ്ത്യൻ, വികസിത രാഷ്ട്രം വികസ്വര രാഷ്ട്രം, തുടങ്ങിയവ തമ്മിൽ ഭിന്നത നിലനിൽക്കുന്നു. ഈ ഭിന്നത വെറുപ്പും വിദ്വേഷത്തിനും ഊന്നൽ നൽകാൻ ഒരു കാരണമായി പറഞ്ഞേക്കാം. എന്നാൽ അഹ്മദിയ്യാ ജമാഅത്തിന്റെ മുദ്രാവാക്യം love for all hatred for none എന്നത് എല്ലാ മതങ്ങളുടെയും രത്ന ചുരുക്കമാണ്. ഈ മുദ്രാവാക്യം ലോക മതങ്ങളേയും ജനങ്ങളേയും അവരുടെ വിശ്വാസ വൈപരീത്യത്തിൽ നിന്നും ചുറ്റുപാടിൽ നിന്നും സ്വാതന്ത്രരാക്കി ഒന്നിപ്പിക്കുന്നതാണ്. മുസ്ലീംകളുടെ ഒരു വലിയ വിഭാഗം യുദ്ധം, വിദ്വേഷം, അക്രമം, തങ്ങളുടെയും മറ്റുള്ളവരുടെയും ജീവിതം അപകടത്തിലാകുന്നതും അതേപോലെ തങ്ങളുടെ തന്നെ ജനങ്ങളെ കൊല്ലുന്നതിനെ പിൻതുണക്കുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഈ പ്രവർത്തനം തികച്ചും പ്രാധാന്യമർഹിക്കുന്നതാണ്. അതിനാൽ ഇങ്ങനെയുള്ള പരിപാടിക്ക് ആഗോള തലത്തിൽ മത ലോകത്തും സാമൂഹിക രംഗത്തും പൂർണ സ്വീകാര്യത ലഭിക്കുന്നതാണ്.''

പെഡ്രോബാദിലുള്ള മീഗൽ കാർസിയ കോൺഫറൻസിൽ പങ്കെടുത്തിരുന്നു. മേയറുമായിരുന്നു. അദ്ദേഹം തന്റെ കാലത്ത് ചർച്ചിന്റെ ശക്തമായ എതിർപ്പുണ്ടായിട്ടു കൂടി 1980

മസ്ജിദ് ബിശാറത്ത് നിർമിക്കാനുള്ള അനുവാദം നൽകിയിരുന്നു. മസ്ജിദ് ഉദ്ഘാടനവേളയിൽ ഖലീഫത്തുൽ മസീഹ് റാബിഇനെ കണ്ടിരുന്നു. ഹുസൂർ ഒരു ഫ്രെയിം സമ്മാനമായി നൽകിയിരുന്നു. അതിൽ കലിമയാണ് എഴുതിയിരുന്നത്. അദ്ദേഹം അത് തന്റെ ഓഫീസിൽ തൂക്കിയിട്ടിട്ടുണ്ട്. ജമാഅത്തുമായി വളരെ അടുത്ത ആ വ്യക്തി പറയുന്നു. "അഹ്മദിയ്യാ ജമാഅത്തിന്റെ മേൽനോട്ടത്തിൽ വിവിധ മതാനുയായികളെയും പാർലിമെന്റിന്റെ മെമ്പർമാരെയും പ്രമുഖ വ്യക്തികളേയും രാഷ്ട്രീയ നേതാക്കളേയും മനുഷ്യ നന്മക്കായി പ്രവർത്തിക്കുന്ന സംഘടനകളെയും ലണ്ടനിൽ ഒരുമിച്ച് കൂട്ടുകയുണ്ടായി. ഐക്യവും സമാധാനവും സ്ഥാപിക്കുന്നതിനായി സംവാദം നടത്താനാണിത്. ഇത് തീർച്ചയായും വളരെയധികം ശ്ലാകനീയമായ പ്രവർത്തിയാണ്. ജമാഅത്ത് നടത്തുന്ന ഈ പരിപാടിക്ക് ഞാൻ ആശംസകൾ അർപിക്കുന്നു. ഈ ജമാഅത്ത് തങ്ങളുടെ ലക്ഷ്യം കരസ്ഥമാക്കുന്നതിൽ വിജയിക്കട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു. എനിക്ക് മൂന്നാം ഖലീഫയെ പേഡ്രോബാദിൽ പള്ളി നിർമ്മാണത്തിന് തറക്കല്ലിടൽ ചടങ്ങിൽ കാണാൻ സാധിച്ചു. 1981 ലാണ് കണ്ടത്. ഇതിനുശേഷം നാലാം ഖലീഫയെ ഇതേ പള്ളിയുടെ ഉദ്ഘാടനത്തിൽ 1982 ൽ കാണാൻ സാധിച്ചു. ഈ കോൺഫറൻസ് മുഖേന അഹ്മദിയ്യാ ജമാഅത്തിന്റെ അഞ്ചാം ഖലീഫയെ കാണാനുള്ള തൗഫീഖും ലഭിച്ചു. ഇത് എന്റെ സൗഭാഗ്യമായാണ് ഞാൻ കാണുന്നത്. ഞാൻ മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ വാക്കുകളിൽ വളരെ ആനന്ദിക്കുകയുണ്ടായി. യുദ്ധത്തിൽ നിന്നും കലഹത്തിൽ നിന്നും സ്വതന്ത്രമായി സമാധാനം നിറഞ്ഞു നിൽക്കുന്ന ഒരു ശാന്തമായ സമൂഹത്തെ കുറിച്ച് പറയുകയുണ്ടായി. പ്രതിരോധത്തിന്റെ പേരിൽ ആയുധത്തെ മാനവികതയെക്കാളും മുൻതൂക്കം നൽകുന്ന സർക്കാറുകളുടെ പ്രവർത്തനത്തെ അപലപിക്കുകയും ചെയ്തു. മിർസാ മസ്റൂർ അഹ്മദ് നീതിയിലും പരസ്പരം സഹകരണത്തിലും അടിസ്ഥാനം വെക്കുന്ന ഒരു സമൂഹത്തിന്റെ നിർമാണത്തിനായി വിവിധ മതാനുയായികളെ ഒരു സ്ഥലത്ത് ഒരുമിച്ച് കൂട്ടിയ പ്രവർത്തനത്തിൽ എനിക്ക് സന്തോഷമുണ്ട്. ഭിന്നത നിറഞ്ഞു നിൽക്കുന്ന ഒരു ലോകത്താണ് നാം വസിക്കുന്നത്. ചില രാഷ്ട്രങ്ങൾ പുരോഗതിയുടെ ഉന്നതങ്ങളിൽ എത്തിയിട്ടുണ്ട്. എന്നാൽ ലോക ജനസംഖ്യയുടെ വലിയൊരു ഭാഗം പട്ടിണിയിലും കഷ്ടപ്പാടിലും നശിച്ചൊടുങ്ങുകയാണ്. ഒരു ഭാഗത്ത് ലക്ഷക്കണക്കിന് ടൺ ഭക്ഷണ പദാർഥങ്ങൾ സമുദ്രത്തിൽ തള്ളുമ്പോൾ മറുഭാഗത്ത് കോടിക്കണക്കിനാളുകൾക്ക് ഭക്ഷണത്തിനായി വളരെ പ്രയാസപ്പെട്ടാണ് വല്ലതും ലഭിക്കുന്നത്. ഒരു ഭാഗത്ത് കോടീശ്വരന്മാരുടെ എണ്ണം വർധിക്കുമ്പോൾ മറുഭാഗത്ത് സമൂഹത്തിലെ ഒരു വിഭാഗം ദാരിദ്രത്തിന്റെ താഴെ തട്ടിലുള്ളവരാണ്. നമുക്ക് ഒരു നല്ല സമൂഹം വാർത്തെടുക്കേണ്ടിയിരിക്കുന്നു. യുദ്ധത്തെ ഉപേക്ഷിക്കുക. സമാധാനം ആഗ്രഹിക്കുക. എല്ലാവരും ഒന്നിച്ച് മുന്നോട്ട് കുതിക്കുന്ന പ്രവർത്തനമാണ് വേണ്ടത്. അനീതിക്കെതിരെ പോരാടുകയും സാമൂഹിക നീതിയെ പ്രോത്സാഹിക്കുകയും ചെയ്യുന്നതായിരിക്കണം.

ഏതായിരുന്നാലും ഈ ചില അഭിപ്രായങ്ങളാണ് ഞാൻ കേൾപ്പിച്ചത്. ലോകം അവരുടെ സൃഷ്ടാവിലേക്ക് തിരിയട്ടെ. ദൈവത്തെ തിരിച്ചറിയുന്നതിലൂടെ മാത്രമേ നാശത്തിൽ നിന്നും രക്ഷപ്പെടുകയുള്ളൂ. ആ നാശത്തെ കുറിച്ച് ഹ: മസീഹ് മൗഊദ് عليه السلام ന്റെ ലിഖിതങ്ങളിൽ നൽകിയിട്ടുണ്ട്.

ഇതു കൂടാതെ പാകിസ്ഥാന്റെ പരിതാപകരമായ അവസ്ഥയോർത്ത് ദുഃആ ചെയ്യാൻ അപേക്ഷിക്കുകയാണ്. *അല്ലാഹു ദ്രോഹികളിൽ നിന്നും ആ രാജ്യത്തെ രക്ഷിക്കട്ടെ. അഹ്മദികളെ സംരക്ഷിക്കട്ടെ. സമാധാനം ആഗ്രഹിക്കുന്ന എല്ലാവരെയും സംരക്ഷിക്കട്ടെ. ഈ ഫിത്നയിൽ നിന്നും രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവരെയും രക്ഷിക്കട്ടെ.*

ഇതേ പോലെ സിറിയയുടെ അവസ്ഥ ഓർത്ത് ദുഃആ ചെയ്യുക. എല്ലാ അഹ്മദികളെയും രക്ഷിക്കട്ടെ.

കഴിഞ്ഞ ദിവസം വീണ്ടും ഒരഹ്മദിയെ ഒരു കാരണവും കൂടാതെ അറസ്റ്റ് ചെയ്തിട്ടുണ്ട്. *അല്ലാഹു എല്ലാ അഹ്മദികളെയും സംരക്ഷിക്കട്ടെ.* പൊതുവിൽ ലോകത്തിനായി ശ്രമിക്കുക. ഇപ്പോഴുള്ള അവസ്ഥ കാണുമ്പോൾ യുദ്ധത്തിലേക്ക് അതി ശീഘ്രം മുന്നേറുന്നതായാണ് തോന്നുന്നത്. വലിയ ഭരണകൂടങ്ങൾ കാര്യങ്ങൾ ശ്രദ്ധിക്കുന്നില്ല. യുദ്ധം നടന്നാൽ എന്തുമാത്രം ഭീഷണമായ അന്തരീക്ഷമായിരിക്കും ഉടലെടുക്കുക എന്നിവർ ചിന്തിക്കുന്നില്ല. ലോകം നാശത്തിന്റെ വക്കിലാണുള്ളത്. ഇവർക്കായി നാം കൂടുതൽ പ്രാർഥിക്കേണ്ടതാണ്.

## PRINTED BOOKS

**To**

If Undelivered Please Return To
**AHMADIYYA MUSLIM JAMA-AT**
**" Baitul Quddoos "**
**G.H.Road, Calicut -1**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2014 March 07 at : Baitul Futuh Mosque, London.
Translation: M.Nasir Ahmad, Kodiyathur - 09497343704

Typing: A.T. Nasarudheen Calicut
Printed at: Digital Image Darussalam Complex Calicut.
Published by: **Majlis Khuddamul Ahmadiyya, Calicut Zilla.**